**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,**<br>**ശ്രീ. ടി. പി .രാമകൃഷ്ണൻ,**<br>**ശ്രീ. പി.പി. സുമോദ്,**<br>**ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ചില ഗവൺമെന്റിതര സംഘടനകൾ വാസയോഗ്യമല്ലാത്ത വീടുകൾ നിർമ്മിച്ച് നൽകിയും ഭൂമി തട്ടിപ്പ് നടത്തിയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ് സർക്കാരിതര സംഘടനകളെ ഏൽപ്പിച്ചിട്ടില്ല. അട്ടപ്പാടിയിൽ HRDS എന്ന സംഘടന പട്ടികവർഗ്ഗ മേഖലയിൽ ഭവന നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി വകുപ്പിന് ഒരു ബന്ധവുമില്ല.<br><br>സർക്കാരിതര സംഘടനകളായ "വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ്", HRDS എന്നിവയെക്കുറിച്ചുള്ള പരാതികളിൽ ഒറ്റപ്പാലം സബ് കളക്ടർ മുഖാന്തിരം അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും ആയത് പുരോഗമിച്ചു വരികയുമാണ്. |
| (ബി) | വർഷം തോറും കേന്ദ്ര സർക്കാരിന്റെ കോടിക്കണക്കിന് രൂപയുടെ ഫണ്ട് സംസ്ഥാനത്ത് ഇത്തരത്തിലുള്ള ചില എൻ.ജി.ഒ.കൾ കൈക്കലാക്കി വിഭാഗീയത വളർത്തുന്നതിനും മറ്റ് രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായും വിനിയോഗിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതികൾക്കായി എൻ.ജി.ഒ.കൾക്ക് ഫണ്ട് അനുവദിക്കുന്നില്ല.<br><br>അട്ടപ്പാടി മേഖലയിൽ HRDS എന്ന സംഘടന പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇത് വകുപ്പിന്റെ അനുമതിയോടു കൂടിയല്ല. ഇതിനാവശ്യമായ ഫണ്ട് വകുപ്പിൽ നിന്നുമല്ല അനുവദിച്ചിട്ടുള്ളത്.<br><br>ഗൂഢാലോചന സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടില്ല. |
| (സി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾ സർക്കാരിന്റെ മേൽനോട്ടം ഇല്ലാതെ ഫണ്ട് വിനിയോഗിക്കുന്ന സാഹചര്യം ഉണ്ടോ; വ്യക്തമാക്കുമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതികൾക്കായി എൻ.ജി.ഒ.കൾക്ക് ഫണ്ട് അനുവദിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | അട്ടപ്പാടി മേഖലയിൽ HRDS എന്ന സംഘടന പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇത് വകുപ്പിന്റെ അനുമതിയോടു കൂടിയല്ല. ഇതിനാവശ്യമായ ഫണ്ട് വകുപ്പിൽ നിന്നുമല്ല അനുവദിച്ചിട്ടുള്ളത്.<br><br>ഗൂഢാലോചന സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടില്ല. |
| (ഡി) | ഇത്തരം എൻ.ജി.ഒ.കളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ പരിശോധനകളുമായി മുന്നോട്ടുപോകുമ്പോൾ ഒരു സ്ഥാപനത്തിലെ ഉന്നത സ്ഥാനീയരായ വ്യക്തികളും ഒരു രാഷ്ട്രീയ പാർട്ടിയും ചേർന്ന് എന്തെങ്കിലും ഗൂഢാലോചന നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതികൾക്കായി എൻ.ജി.ഒ.കൾക്ക് ഫണ്ട് അനുവദിക്കുന്നില്ല.<br><br>അട്ടപ്പാടി മേഖലയിൽ HRDS എന്ന സംഘടന പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇത് വകുപ്പിന്റെ അനുമതിയോടു കൂടിയല്ല. ഇതിനാവശ്യമായ ഫണ്ട് വകുപ്പിൽ നിന്നുമല്ല അനുവദിച്ചിട്ടുള്ളത്.<br><br>ഗൂഢാലോചന സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ